കേരള സർക്കാർ

നം. 54044/ഡിസി3/2013/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്
തിരുവനന്തപുരം, 9.9.2013

## സർക്കുലർ

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ്- സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണം - മിനിമം ഗ്യാരന്റി ഉറപ്പു വരുത്തുന്നത് -സംബന്ധിച്ച്

സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണത്തിലെ മിനിമം ഗ്യാരന്റി ഉറപ്പു വരുത്തുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു :-

1. സംസ്ഥാനത്തെ റോഡ് നിർമ്മാണ പ്രവൃത്തി കഴിഞ്ഞ് റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ അതേ കരാറുകാരന്റെ ചെലവിൽ തന്നെ കേടുപാടുകൾ തീർക്കുന്നതിനുള്ള പണികൾ ചെയ്യേണ്ടതാണ്. കരാറുകാരൻ വിസമ്മതം പ്രകടിപ്പിക്കുകയാണെങ്കിൽ ടിയാനെ കരിംപട്ടികയിൽ ഉൾപ്പെടുത്തി ഭാവിയിൽ കരാറുപണിയിൽ നിന്നും മാറ്റി നിർത്തേണ്ടതാണ്.

2. ഇത്തരത്തിലുള്ള നിർമ്മാണവൈകല്യത്തിന് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യവും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും കർശന നടപടികൾ അവർക്കെതിരെ സ്വീകരിക്കേണ്ടതുമാണ്.

3. ഭാവിയിൽ റോഡുപണികളുമായി ബന്ധപ്പെട്ട എല്ലാ കരാറുകളിലും പെർഫോർമൻസ് ഗ്യാരന്റി ഉറപ്പ് വരുത്തുവാൻ ആവശ്യമായ നിബന്ധനകൾ കരാറുകളിൽ തന്നെ ഉൾപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജെയിംസ് വർഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ